# ABOUT VATAKARA NRI FORUM

## പ്രവർത്തന പരിധി

യു.ഏ.ഇ.യും വടകര പാർലമെന്റ് നിയോജക മണ്ഡലവുമായിരിക്കും ഫോറത്തിന്റെ പ്രവർത്തനപരിധി.

## അടിസ്ഥാന ആദർശം

തികച്ചും ജനാധിപത്യ തത്വങ്ങളിലധിഷ്ഠിതം. രാഷ്ട്രീയ, സാമുദായിക, പ്രാദേശിക അഭിപ്രായാന്തരങ്ങൾ ഫോറത്തിന് ഉണ്ടായിരിക്കുന്നതല്ല.

## ഉദ്ദേശലക്ഷ്യങ്ങൾ

1. പ്രദേശത്തെ അംഗങ്ങൾ തമ്മിലുള്ള പരസ്പര സഹകരണവും, സന്മനോഭാവവും ജാതി മത രാഷ്ട്രീയ ചിന്തകൾക്കതീതമായി വളർത്തി ഊട്ടിയുറപ്പിക്കുക, നാടുമായുള്ള സാംസ്കാരിക ബന്ധം വളർത്തുക.

2. അംഗങ്ങളുടെയും പ്രദേശത്തിന്റെയും സാമ്പത്തിക ഉന്നതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുക.

3. കലാ-സാംസ്കാരിക-സാഹിത്യ-വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുക.

4. ജീവകാരുണ്യ പ്രവർത്തനങ്ങളും സാമൂഹിക ഉന്നമനത്തിനുതകുന്ന മറ്റു പ്രവർത്തനങ്ങളും നടത്തുക.

5. പ്രവാസികൾ നാട്ടിൽ നേരിടുന്ന പൊതുവായ പ്രശ്നങ്ങളിലും പ്രയാസങ്ങളിലും വേണ്ട രീതിയിൽ ഇടപെടുകയും കൂട്ടായ നീക്കങ്ങൾ ആവശ്യമുള്ളിടത്ത് അത് നടത്തുകയും ചെയ്യുക.

6. ചർച്ചകൾ, സെമിനാറുകൾ, സംഗമങ്ങൾ, സ്വീകരണങ്ങൾ, അനുസ്മരണങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക.

7. സംസ്ഥാന കേന്ദ്ര സർക്കാറുകളുമായും, ജനപ്രതിനിധികളുമായും, നോർക്ക (NORKA) തുടങ്ങിയ വകുപ്പുകളുമായും നിരന്തര ബന്ധം നിലനിർത്തുക, പ്രവാസികളുടെ ഉന്നമനങ്ങൾക്കാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

8. ആതുരാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ തുടങ്ങി പ്രദേശത്തിന്റെ പുരോഗതിക്കാവശ്യമെന്നു തോന്നുന്ന സ്ഥാപനങ്ങൾ നിയമാനുസൃത മാർഗ്ഗങ്ങളിൽ കൂടി സ്ഥാപിക്കുകയും നടത്തിക്കൊണ്ടു പോവുകയും ചെയ്യുക.

9. അംഗങ്ങളുടെ വരുമാനമാർഗ്ഗങ്ങൾക്കുതകുന്ന വിധത്തിൽ നിക്ഷേപങ്ങളും മുതൽ മുടക്കുകളും നടത്തുക.

10. അംഗങ്ങൾക്കു വേണ്ടി വെൽഫെയർ ഫണ്ട് രൂപീകരിക്കുക.

## അംഗത്വം

### സാധാരണ അംഗത്വം (Ordinary Membership)

വടകര പാർലമെന്റ് മണ്ഡല പരിധിയിൽ പെടുന്ന 18 വയസ്സ് പൂർത്തിയായ എല്ലാ യു.ഏ.ഇ. നിവാസികൾക്കും സാധാരണ അംഗത്വമെടുക്കാവുന്നതാണ്.

സാധാരണ അംഗത്വത്തിന്റെ കാലാവധി ജനുവരി 1 മുതൽ ഡിസംബർ 31വരെയുള്ള ഒരു വർഷമായിരിക്കും.

അംഗങ്ങളുടെ താമസ സ്ഥല മാറ്റം, മണ്ഡല പരിധിയുലുള്ള മാറ്റം എന്നിവ അംഗത്വം പുതുക്കുന്നതിന് തടസ്സമായിരിക്കുന്നതല്ല.

## ഘടന

### കേന്ദ്ര കമ്മിറ്റി

യു.ഏ.ഇ. ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു കേന്ദ്ര കമ്മിറ്റി ഫോറത്തിനുണ്ടായിരിക്കുന്നതാണ്. വിവിധ യൂനിറ്റ് കമ്മിറ്റികളെ ഏകീകരിച്ചു കൊണ്ടു പോവുക, സർക്കാർ തലത്തിലുള്ള രജിസ്ട്രേഷനും, മറ്റും നടത്തുക, വിവിധ തലങ്ങളിൽ ഫോറത്തിനെ പ്രതിനിധീകരിക്കുക, എന്നിവയാണ് കേന്ദ്ര കമ്മിറ്റിയുടെ പ്രധാന ഉത്തരവാദിത്വങ്ങൾ.

### യൂനിറ്റ് കമ്മിറ്റി

യു.എ.ഇ.യിലെ എല്ലാ എമിറേറ്റുകളിലും ഫോറത്തിനു യൂനിറ്റ് കമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തിക്കാവുന്നതാണ്.

യൂനിറ്റ് പ്രവർത്തക സമിതിക്ക് സ്വതന്ത്രമായ അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്.

ഒരു വർഷക്കാലം ഫോറത്തിന്റ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രവർത്തക സമിതിയെ ജനറൽബോഡിയിൽ വെച്ചു തെരഞ്ഞെടുക്കേണ്ട താണ്.

പ്രസിഡന്റ്,

വൈസ് പ്രസിഡന്റ്,

ജനറൽ സെക്രട്ടറി,

സെക്രട്ടറിമാർ,

ട്രഷറർ,

പ്രവർത്തകസമിതി അംഗങ്ങൾ,

ഓഡിറ്റർ

എന്നിവരെ ജനറൽബോഡിയിൽ വെച്ചു തെരഞ്ഞെടുക്കേണ്ടതാണ്

## രക്ഷാധികാരികൾ

### മുഖ്യ രക്ഷാധികാരി:

വടകര പാർലമെന്റ് മണ്ഡലത്തിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധി (പാർലമെന്റംഗം) ഫോറത്തിന്റെ മുഖ്യ രക്ഷാധികാരിയായിരിക്കും.

### രക്ഷാധികാരികൾ:

വടകര പാർലമെന്റ് മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന 7 അസംബ്ലി മണ്ഡലങ്ങളിലെയും പ്രതിനിധികൾ (എം.എൽ.ഏ.മാർ) ഫോറത്തിന്റെ രക്ഷാധികാരികളായിരിക്കും.